വൈറൽ



# പ്രചോദനമാണ് നിക്ക്

• ആബിദ് കോലിക്കര

നിക്കോളാസ് ജെയിംസ് വുജിസികിനെ കുറിച്ച് കൂട്ടുകാർ കേട്ടിട്ടുണ്ടോ. ആസ്ത്രേലിയക്കാരനാണ് നിക് . കൈകളും കാലുകളും ജനിക്കുമ്പോൾ തന്നെ ഇല്ലായിരുന്നു നിക്കിന്. പെട്രാ അമീലിയാ സിൻഡ്രോം എന്ന അത്യപൂർവ രോഗമാണ് എന്ന് ഡോക്ടർമാർ പറഞ്ഞു.

മറ്റുള്ളവരുടെ സഹായം ഇല്ലാതെ ഒന്നും ചെയ്യാൻ പറ്റാത്ത അവസ്ഥ. ശരിക്കും നിക്കിന് നിരാശയും സങ്കടവും തോന്നി. അവൻ ചുറ്റിലും നോക്കി. എല്ലാവരും സന്തോഷത്തോടെ ഓടിച്ചാടി നടക്കുന്നു. വളരെ വേഗതയിൽ ഓരോ കാര്യങ്ങൾ ചെയ്യുന്നു. തനിക്ക് മാത്രം എന്തു ചെയ്യണമെങ്കിലും മറ്റാരെങ്കിലും കനിയണം. ദാഹിക്കുമ്പോൾ പോലും ഒരു തുള്ളിവെള്ളം ഒറ്റക്കെടുത്തു കുടിക്കാൻ പറ്റുന്നില്ലല്ലോ എന്നവൻ കരഞ്ഞു.

നിക്കിന്റെ മാതാപിതാക്കൾ അവന് നല്ല ആത്മവിശ്വാസം നൽകിക്കൊണ്ടിരുന്നു. അവനെ സ്കൂളിൽ ചേർത്തു. കുറേകാലം നിരാശയിൽ കഴിഞ്ഞ നിക്ക്  പത്താം വയസ്സിൽ ഒരു തീരുമാനമെടുത്തു, ഇനിയും സങ്കടപ്പെ



ടാനില്ല എന്ന്.

'എനിക്ക് ഇല്ലാത്തതിനെ കുറിച്ചാണ് ഇത്രയും കാലം ഞാൻ ആലോചിച്ചത്. ഉള്ളതിനെ കുറിച്ച് എന്തുകൊണ്ട് ആലോചിച്ചില്ല?!'

ജീവിതം പൊരുതാനുള്ളതാണ് എന്ന് ഉറച്ചു വിശ്വസിച്ച് എപ്പോഴും സന്തോഷവാനായിരിക്കാൻ ശ്രമിച്ചു നിക്. അങ്ങനെ അവൻ എഴുതാൻ പഠിച്ചു. വരക്കാൻ പഠിച്ചു. നീന്താൻ പഠിച്ചു.

എപ്പോഴും ഉൽസാഹത്തോടെ പെരുമാറുന്ന നിക്കിനെ കണ്ട് സ്കൂളിലെ തൂപ്പുകാരി അവനോട് നിന്റെ ഈ ഉൽസാഹം മറ്റുള്ളവർക്കും പകർന്നു കൊടുത്തുകൂടേ എന്നു ചോദിച്ചു.

മുപ്പതുപേരടങ്ങുന്ന സ്കൂളിലെ ചെറിയ ടീമിന് ആദ്യം പോസറ്റീവ് എനർജി പകർന്നു തുടങ്ങിയ നിക് ഇന്ന് ലോകമെമ്പാടും മറ്റുള്ളവർക്ക് പ്രചോദനമായി ജീവിച്ചു കൊണ്ടിരിക്കുന്നു. കൊമേഴ്സ് ബിരുദധാരിയായ നിക് 'ലൈഫ് വിത്തൗട്ട് ലിമിറ്റ്സ്' എന്ന സംഘടനയും രൂപീകരിച്ചു. നിരവധി പുസ്തകങ്ങളും രചിച്ചു. കാനേം യഹര എന്ന സ്ത്രീയെ വിവാഹം കഴിച്ച നിക്കിന് നാല് മക്കളാണ്. നിക്കിന്റെ ഓരോ പ്രസംഗങ്ങളും യൂട്യൂബിൽ ഏറെ വൈറലാണ്. നിക്കിന്റെ വരികൾക്കും അതിലടങ്ങിയ ആശയങ്ങൾക്കും പ്രചോദനങ്ങൾക്കും ലക്ഷക്കണക്കിന് കേൾവിക്കാരാണുള്ളത്.

